

# ഡിജിറ്റൽ പ്ലസ്

Little kites Digital Magazine 2025




ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം



കുട്ടികളുടെ IT skillവളർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ് ഏകദേശം 20 ലക്ഷത്തിലധികം വിദ്യാർഥികളുമായി ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ സ്റ്റുഡന്റ് ഐസിടി നെറ്റ്‌വർക്ക് ആയിരിക്കുകയാണ് .ആധുനിക സാങ്കേതിക വിദ്യകൾ സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തി സാങ്കേതികവൈദഗ്ധ്യം ഉള്ള ഭാവിതലമുറയെ വാർത്തെടുക്കുക എന്നതാണ് ലിറ്റിൽ കൈറ്റ്സിന്റെ മുഖ്യലക്ഷ്യം .വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന നമ്മുടെ ലിറ്റിൽ കൈറ്റ്സ് ക്ലബ് നിരവധി പുരസ്കാരങ്ങൾ ഇതിനോടകം നേടിയിട്ടുണ്ട്.ഗ്രാഫിക് ഡിസൈൻ ,സൈബർ സേഫ്റ്റി ,മലയാളം കമ്പ്യൂട്ടിംഗ് ,ആനിമേഷൻ, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ മികച്ച പരിശീലനമാണ് ഇവിടെ നൽകുന്നത്. കുട്ടികളിൽ സാങ്കേതിക വൈദഗ്ധ്യം സൃഷ്ടിക്കുന്നതിലുപരി അവയുടെ നൂതനവും സുരക്ഷിതവുമായ മാർഗ്ഗങ്ങൾ പരിശീലിപ്പിച്ചെടുക്കുക എന്ന വലിയ ലക്ഷ്യമാണ് നാം അവലംബിക്കുന്നത്.സ്വയം നേടുന്ന കഴിവുകൾ മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ ക്ലബ് അംഗങ്ങൾക്ക് സാധിക്കട്ടെ,  കൂടാതെ വ്യത്യസ്തതരം പ്രവർത്തനങ്ങളുമായി മുന്നേറുവാൻ ഇതിന്റെ ഭാരവാഹികൾക്കും അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീമതി. രശ്മി കെ
പ്രിൻസിപ്പാൾ



സ്കൂൾ ചരിത്രവും,
കുഞ്ഞുമനസ്സുകളുടെ ചിന്തകളും, വരകളും,
കഥകളും ,കവിതകളും വിദൂര കാഴ്ചകളും സാങ്കേതിക
വിസ്മയത്തിലൂടെ, വർണ്ണങ്ങളിലൂടെ വിരൽത്തുമ്പിനാൽ
നിറയുന്ന നമ്മുടെ DIGITAL PLUS എന്ന ലിറ്റിൽ
കൈറ്റ്സിന്റെ ഈപതിപ്പിന് എല്ലാവിധ ഭാവുകങ്ങളും
നേരുന്നു....
ഈ പതിപ്പിന്റെ പിന്നിൽ കുഞ്ഞുങ്ങളുടെ ഒത്തിരി
അധ്വാനവും, പരിശ്രമവും, നിഷ്കളങ്കമായ സ്നേഹവുമുണ്ട്.
അറിവിലൂടെയും, അനുഭവങ്ങളിലൂടെയും വിരിഞ്ഞ ഈ
കലാ സൃഷ്ടിയിൽ നമ്മുടെ നാടിന്റെ ചരിത്രമുണ്ട്.
ഇതിന്റെ പിന്നിൽ അശ്രാന്തം പരിശ്രമിച്ച ഷാജി
സാറിനും, വിജ്ജു പ്രിയ ടീച്ചറിനും എഡിറ്റോറിയൽ
ബോർഡ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ

ശ്രീമതി. അനൂപ്‌രാജ്ജ്
ഹെഡ്മിസ്ട്രസ്സ്



ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന KITE(കേരള ഇൻഫ്രാസ്ട്രക്ചർ   ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ )  ന്റെ ഒരു സവിശേഷ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്. പൊതുവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ കാലോചിതമായ ആധുനിക വൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ  കാര്യക്ഷമമായ നടത്തിപ്പിന് വിവര വിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർഥികളെ സജ്ജമാക്കുന്നതിന് 'ഹായ് സ്കൂൾ  കുട്ടിക്കൂട്ടം' പദ്ധതി നവീകരിച്ചാണ് ഇന്നത്തെ ലിറ്റിൽകൈറ്റ്സ് ഐ ടി ക്ലബ്ബായത്. .ഇന്ന് രാജ്യത്തെ ഏറ്റവും വലിയ സ്റ്റുഡൻസ് ഐടി നെറ്റ്‌വർക്കാണ് ലിറ്റിൽ കൈറ്റ്സ്. ആനിമേഷൻ, സൈബർ സേഫ്റ്റി, മലയാളം കമ്പ്യൂട്ടിംഗ് ,ഹാർഡ്‌വെയർ ആൻഡ് ഇലക്ട്രോണിക്സ്, തുടങ്ങി ആർട്ടിഫിഷ്യൽ ഇൻറലിജൻസിൽ വരെ പരിശീലനം നൽകുന്ന ഒരു ക്ലബ്ബായി ലിറ്റിൽ കൈറ്റ്സ് മാറിയത് നമുക്ക് അഭിമാനിക്കാം. നമ്മുടെ സ്കൂളിൽ  ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനം വളരെ മികച്ച രീതിയിൽ ആണെന്നുള്ളത് നമുക്ക് എല്ലാവർക്കും അഭിമാനം നൽകുന്നു.സ്കൂളിലെ മികവാർന്ന പ്രവർത്തനങ്ങളെ ആസ്പദമാക്കി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ മുൻകൈയെടുക്കുന്ന അധ്യാപകർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എന്നിവരെ ഈ സന്ദർഭത്തിൽ അഭിനന്ദിച്ചുകൊള്ളുന്നു.

ശ്രീ. എം റ്റി  ഗിരി പ്രസാദ്
പി. റ്റി. എ പ്രസിഡന്റ്

# എഡിറ്റോറിയൽ ബോർഡ്



അദ്വൈത് എസ് ദിവാകർ-9A



വിമൽസാദ് എസ് 8A



ബിസ എസ് 9A



മാധവ് സുജിത്ത്-8A



ഹാരിക എം ആർ-8E



വിജുപ്രിയ വി എസ്
കൈറ്റ് മിസ്ട്രസ്



ഷാജി പി ജെ
കൈറ്റ് മാസ്റ്റർ

# ഉള്ളടക്കം


| | |
|---|---|
| എന്റെ സ്കൂളിന്റെ ചരിത്രം | 7 |
| ലിറ്റിൽകൈറ്റ്സ് പ്രവർത്തനം 2024-25 | 11 |
| വിടപറഞ്ഞകലുന്ന നേരം | 22 |
| Life | 24 |
| ഹൃദയം | 25 |
| SCHOOL LIFE | 26 |
| KARMA | 27 |
| ഓർമ്മ | 28 |
| അവൾ | 29 |
| പഠനയാത്ര2024-'25 | 30 |
| മത്സ്യം | 37 |
| മിന്നാ മിനുങ്ങി | 38 |
| അപ്പു ആനയും കിട്ടു മുയലും | 39 |
| എന്തുണ്ട് എന്തുണ്ട്? | 40 |
| സ്കൂൾ പ്രവർത്തനങ്ങൾ -പോസ്റ്ററുകളിൽ | 41 |
| ചിത്രജാലകം | 53 |

# എന്റെ സ്കൂളിന്റെ ചരിത്രം



## ഗവ. ദുർഗ വിലാസിനി ഹയർ സെക്കൻഡറി സ്കൂൾ

ചേർത്തല ആലപ്പുഴ നാഷണൽ ഹൈവേയിൽ തിരുവിഴ കവലയിൽ നിന്നും കിഴക്കോട്ട് 1 കിലോമീറ്റർ ഉള്ളിലായാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളാണിത്. ഈ പ്രദേശത്താകെ അക്ഷരവെളിച്ചം നൽകിയ ഈ സ്കൂൾ, കായികരംഗം ഉൾപ്പടെ വിവിധമേഖലകളിൽ പ്രശസ്തരായി തീർന്ന നിരവധി പ്രതിഭകളെ സംഭാവനചെയ്തിട്ടുണ്ട്. തികച്ചും ഗ്രാമീണമായ ഒരന്തരീക്ഷത്തിൽ അനേകം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായ നേട്ടം കൈവരിയ്ക്കുവാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ കൂടുതലായി പഠിയ്ക്കുന്ന ഈ സ്കൂളിൽ തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തി എസ്. എസ്. എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടുവാൻ കഴിയുന്നുണ്ട്.

| |
|---|
| റവന്യൂ ജില്ല |
| ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല |
| ചേർത്തല |
| പ്രിൻസിപ്പാൾ |
| രശ്മി കെ |
| പ്രധാന അദ്ധ്യാപിക |
| അനൂപ് രാജ് |
| പി റ്റി എ പ്രസിഡന്റ് |
| എം റ്റി ഗിരിപ്രസാദ് |
| എം പി റ്റി എ പ്രസിഡന്റ് |
| ആഷ |

## സ്കൂൾ നാമചരിത്രം

കുറ്റവേലി ക്ഷേത്രത്തിൽ കുറ്റ വേലി ഭഗവതിയെ സ്നേഹത്തോടെയും ആദരവോടെയും വേലി കെട്ടി സംരക്ഷിച്ചിരുന്നതിന് അതിന്റെ ആദരവ് കാണിക്കുന്നതിനായി 'കുറ്റ വേലി, എന്നറിയപ്പെട്ടു. പ്രാദേശിക ഭാഷയുടെ സ്പർശനത്താൽ കുറ്റവേലി എന്ന നാമത്തിന് വഴിമാറി. കുറ്റവേലി യുടെ ചരിത്രത്തെ വിളിച്ചോതുന്ന കുറ്റവേലി പ്രദേശവാസികളുടെ ഹൈന്ദവ ആരാധനാലയമാണ് കുറ്റവേലി ക്ഷേത്രം.



കുറ്റവേലി ശ്രീ ദുർഗ്ഗാ ദേവി ക്ഷേത്രം എന്നാണ് ഇതിന്റെ പൂർണ്ണനാമം. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് വടക്കൻ പ്രദേശങ്ങളിലെ ആക്രമണങ്ങളിൽ നിന്ന് രക്ഷനേടാനായി ബ്രാഹ്മണനും ഭഗവതിയും കുറ്റവേലി യുടെ സമീപപ്രദേശമായ മായത്തറ (ഇന്നത്തെ മായിത്തറ) എന്ന സ്ഥലത്തെത്തി. കാലക്രമേണ അവർ കുറ്റ വേലിയിലെത്തി. (ബ്രാഹ്മണ നോടൊപ്പം വടക്കൻ പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്ന വിഗ്രഹത്തെ ആണ് ഇവിടെ ഭഗവതിയായി സൂചിപ്പിക്കുന്നത്). പിന്നീട് പ്രദേശവാസികൾ ഭഗവതിയെ കുറ്റവേലി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ആദ്യകാലങ്ങളിൽ ആനമറുത യായിരുന്നു ഇവിടത്തെ പ്രധാന പ്രതിഷ്ഠ. കാലക്രമേണ സമുദായസംഘടനകളും ക്ഷേത്ര ഭാരവാഹികളും ചേർന്ന് ക്ഷേത്രത്തെ ഉയർത്തിക്കൊണ്ടുവന്നു. ക്ഷേത്രത്തിന്റെ നടത്തിപ്പിനായി കാലായ്ക്കൽ കുടുംബം, മേലെ കുടുംബം ,വടക്കേടത്ത് കുടുംബം തുടങ്ങിയ കുടുംബങ്ങൾ നേതൃത്വം ഏറ്റെടുത്തു. ക്രമാനുഗതമായി ഉത്സവങ്ങളും അവർ നടത്തി.

1917ൽ വടക്കേടത്തു മഠത്തിൽ ശ്രീ രാമകർത്താവ് ആരംഭിച്ച ദുർഗാ വിലാസം എൽ പി സ്കൂൾ പിന്നിട് സർക്കാറിനു കൈമാറുകയും തുടർന്ന് അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നീ നിലകളിലേയ്ക്ക് പടിപടിയായി ഉയർന്നു. 1979ൽ പഞ്ചായത്ത് പ്രസിഡന്റ്, ശ്രീ ടി.കെ. പളനിയുടെ നേതൃത്വത്തിൽ രൂപികരിച്ച അപ്ഗ്രേഡിങ്ങ് കമ്മറ്റി ഈ വിദ്യാലയത്തെ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിനായി മൂന്നേക്കർ സ്ഥലവും കെട്ടിടവും നിർമ്മിച്ച് ക്ലാസുകൾ ആരംഭിച്ചു. ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള സർക്കാർ തീരുമാനം ആയിടയ്ക്കുണ്ടായി. ശ്രമകരമെങ്കിലും ഈ അവസരം ഉപയോഗിയ്ക്കുവാൻ ശ്രീ ടി.കെ



പളനി (കൺവീനർ), വടക്കേടത്ത് ശ്രീ വിശ്വനാഥകർത്താവ് (സെക്രട്ടറി), കമലാലയത്തിൽ ശ്രീ ദാമോദരൻ നായർ (ഖജാൻജി) എന്നിവർ ഉൾപ്പെട്ട അപ്ഗ്രേഡിങ്ങ് കമ്മറ്റി തീരുമാനിച്ചു.



അന്നത്തെ എം. എൽ. എ. ആയിരുന്ന ശ്രീ ഏ. വി. താമരാക്ഷൻ ഉൾപ്പടെ നിരവധി സുമനസ്സുകളുടെ സഹായത്തോടെ ആ വർഷം തന്നെ ഹൈസ്കൂൾ



ആരംഭിയ്ക്കുവാനും കഴിഞ്ഞു. 1998ൽ ഈ സ്കൂൾ ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തി ഉത്തരവായി.

2019–20 കേരള സർക്കാറിന്റെ 3



കോടി കിഫ്ബി ഫണ്ടും ബഹുമാന്യനായ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി പി.തിലോത്തമൻ അവർകളുടെ ആസ്തി വികസനഫണ്ടിൽ നിന്നും 1 കോടിയും ലഭിച്ചതോടെ ചാരമംഗലം ഗവ. ഡി.വി.എച്ച്.എസ്.എസ്സും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്ഉയർന്നത് നന്ദിയോടെ സ്മരിക്കുന്നു. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 19



മുറികളുള്ള 2കെട്ടിട സമുച്ചയമാണ് ഈ തുക ഉപയോഗിച്ച് നിർമ്മിച്ചത്. ഇതിൽ ഭിന്ന ശേഷിക്കാർക്ക് ഉൾപ്പെടെ ഉപയോഗിക്കാൻ പാകത്തിലുള്ള ഗുണനിലവാരമുള്ള ടോയ് ലറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട് .2020 ഒക്ടോബർ 3 ന് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് അവർകളുടെ അധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ഓൺലൈനായി ഉദ് ഘാടനം നിർവ്വഹിച്ചു.

2020–22 കഞ്ഞിക്കുഴി പഞ്ചായത്ത് റർബൻ മിഷൻ പദ്ധതിയിൽപെടുത്തി ഒരു കോടി രൂപ മുടക്കി 8 ക്ലാസ് മുറികളുള്ള

ഇരുനില കെട്ടിടം പണിതു.ഷീറ്റിട്ടതും ,മോശവും ,പഴയതുമായ കെട്ടിടങ്ങൾ മാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ പി.റ്റി.എ പ്രസിഡൻറ് ശ്രീ പി. അക്ബർ കൂടി അംഗമായിരുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയായിരുന്നു. സ്കൂളിൻെറ പ്രവർത്തന മികവിനുള്ള അംഗീകാരമായിരുന്നു ഈ സമ്മാനം.കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത് റർബൻ മിഷൻ പദ്ധതിയിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ച നിർമിച്ച ബഹുനില കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു വിദ്യാഭ്യാസ മന്ത്രി ശ്രീ വി ശിവൻകുട്ടി അവർകൾ നിർവഹിച്ചു .ഈ ചടങ്ങിന്റെ അധ്യക്ഷ സ്ഥാനം അലങ്കരിച്ചതു ചേർത്തലയുടെ സ്വന്തം എം എൽ എ യും കൃഷി മന്ത്രിയും ആയ ശ്രീ പി പ്രസാദ് അവർകളാണ്.

2022-2023 കാലയളവിൽ സ്റ്റാർസ് പദ്ധതി പ്രകാരം പ്രി പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി എസ് എസ് കെ ആലപ്പുഴ സ്കൂളിനനുവദിച്ച പത്തുലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച വർണ്ണകൂടാരത്തിന്റെ ഉദ്ഘാടനം ബഹു. എം പി ശ്രീ ആരിഫ് നിർവഹിച്ചു.









# ലിറ്റിൽകൈറ്റ്സ് പ്രവർത്തനം 2024-25

## ജില്ലയിലെ മികച്ച രണ്ടാമത്തെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ്

ലിറ്റിൽകൈറ്റ്സ് യൂണിറ്റുകൾക്കുവേണ്ടി സംസ്ഥാന തലത്തിൽ നടത്തിയ മത്സരത്തിൽ ജില്ലയിൽ ഗവ. ഡി.വി.എച്ച് എസ് എസ്, ചാരമംഗലം സ്കൂൾ രണ്ടാമതായി തിരഞ്ഞെടുക്കപ്പെട്ടു. 6/7/24 ശനിയാഴ്ച 3 മണിക്ക് തിരുവനന്തപുരം നിയമസഭ മന്ദിരത്തിലെ ശ്രീ ശങ്കരനാരായണൻ തമ്പി ഹാളിൽ വെച്ച് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ ശിവൻകുട്ടിയിൽ നിന്നു അവാർഡ് ഏറ്റുവാങ്ങി. ഭിന്നശേഷി കുട്ടികൾക്കുള്ള കമ്പൂട്ടർ പരിശീലനം, ഐ.റ്റി കോർണർ ഡിസ്പ്ലേ , അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനം - തുടങ്ങി സാമൂഹിക പ്രതിബദ്ധതയോടെ നിരവധി പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്.സ്കൂളിൽ നിന്നും എച്ച് എം ഇൻ ചാർജ്ജ് ശ്രീമതി നിഷ , കൈറ്റ് മാസ്റ്റർ ശ്രീ ഷാജി പി.ജെ , കൈറ്റ് മിസ്ട്രസ് ശ്രീമതി. വിജു പ്രിയ വി. എസ്, രണ്ട് ബാച്ചിലേയും ലീഡർമാരായ പ്രാൺജിത്ത്, അദ്വൈത് എസ് ദിവാകർ ഡെപ്യൂട്ടി ലീഡർമാരായ അമൃത എസ്, ബിസ എസ് എന്നിവർ അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു.







# ഡിജി ഫിറ്റ് - യു. പി വിദ്യാർഥികൾക്കുള്ള കമ്പ്യൂട്ടർ പരിശീലന പരിപാടി

സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ യു പി ക്ലാസിലെ മുപ്പതോളം വിദ്യാർത്ഥികൾക്കായി എല്ലാ മാസവും നടത്തിവരുന്ന കമ്പ്യൂട്ടർ പരിശീലപരിപാടി നൽകിയത് 2024-27 ബാച്ചിലെ തെരഞ്ഞെടുക്കപ്പെട്ട 12 സ്റ്റുഡന്റ് ആർ പി മാരാണ്. വിദ്യാർത്ഥികൾ തങ്ങൾക്കു ലഭിച്ച അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകുന്നു.




ജിമ്പ് ഉപയോഗിച്ചുള്ള ഡിജിറ്റൽ പെയിന്റിംങ് ക്ലാസുകൾ മാസ്റ്റർ വിമൽസാദ് കൈകാര്യം ചെയ്തു. ലിബറെ ഓഫീസ് റൈറ്റർ ഉപയോഗിച്ച് ടെക്സ്റ്റ് ഫോർമാറ്റിംങ് മാസ്റ്റർ മാധവ് സുജിത്തിന്റെ നേതൃത്വത്തിൽ പരിശീലിപ്പിച്ചു. ആൻഡ്രേഴ്സ് പെരേര, ശ്രീഹരി കെ ആർ, സഞ്ജയ്, ശ്രീ നന്ദ്,ദേവനാഥൻ എച്ച്, ദേവനാരയണൻ ബി.കെ,ഹാരിക ,അഭിഷേക്,കാശിനാഥ്,ദേവനാരായണൻ ,അനന്തകൃഷ്ണൻ എസ് തുടങ്ങിയ വിദ്യാർഥികൾ ക്ലാസിനു സഹായിച്ചു.കൈറ്റ് മാസ്റ്റർ ശ്രീ . ഷാജി പി ജെ ,കൈറ്റ് മിസ്ട്രസ് ശ്രീമതി. വിജുപ്രിയ വി. എസ് എന്നിവർ ക്ലാസ് മോണിട്ടർ ചെയ്തു.


# ഭിന്നശേഷി വിദ്യാർഥികൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം

ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും സംഘടിപ്പിച്ചു വരുന്ന ഭിന്നശേഷി വിദ്യാർഥികൾക്കുള്ള കമ്പ്യൂട്ടർ പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഹെഡ് മിട്രസ് ശ്രീമതി. അനൂപ് രാജ് 5/10/24 ഉച്ചകഴിഞ്ഞ് 2 pm ന് ഉദ്ഘാടനം ചെയ്തു. 8,9,10 ലെ സ്റ്റുഡന്റ് ആർ പി മാരും തെരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും മറ്റ് അംഗങ്ങളും കൂടിയാണ് ക്ലാസ് കൈകാര്യം ചെയ്യുന്നത്. 10 ലെ ലിറ്റിൽ കൈറ്റ്സ് അംഗമായ മാസ്റ്റർ പ്രാൺജിത്തിന്റെ നേതൃത്വത്തിലുള്ള 9 അംഗ ടീമാണ് ഈ വർഷത്തെ ആദ്യ ക്ലാസിന് തുടക്കം കുറിച്ചത്. ഇംഗ്ലീഷ്, മലയാളം ടൈപ്പിങ്,GIMP ൽ ഡിജിറ്റൽ പെയിൻ്റിംഗ് എന്നിവയാണ് വിദ്യാർഥികളെ പരിശീലിപ്പിക്കുന്നത്. 6 ക്ലാസുകളാണ് വിദ്യാർഥികൾക്ക് മൂന്ന് ബാച്ചിലേയും അംഗങ്ങൾ നൽകുന്നത്. കൈറ്റ് മാസ്റ്റർ ശ്രീ ഷാജി സാർ, കൈറ്റ് മിസ്ട്രസ് ശ്രീമതി. വിജു പ്രിയ വി. എസ്, ശ്രീമതി നിഷ ടീച്ചർ എന്നിവർ ക്ലാസിനെ മോണിട്ടർ ചെയ്തു.






# ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റും മികവുത്സവവും




ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റോബോട്ടിക് ഫെസ്റ്റും ലിറ്റിൽ കൈറ്റ്സ് മികവുത്സവവും ശ്രീ. എ. ടി ഗിരി പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി. നിഷ (എച്ച് എം ഇൻ ചാർജ്ജ്) രാവിലെ 10 ന് ഉദ്ഘാടനം ചെയ്തു. കൈറ്റിൽ നിന്നും ലഭ്യമായ അർഡിനോ കിറ്റ് ഉപയോഗപ്പെടുത്തി എൽ കെ റോബോട്ട്, ആട്ടോമാറ്റിക്ക് ടോൾ ഗേറ്റ്, തീ - വെള്ളപൊക്കം -അന്യവസ്തുൾ - മൃഗങ്ങൾ എന്നിവയുടെ സാന്നിദ്ധ്യമറിയിക്കുന്ന ബസറുകൾ - ഓട്ടോമാറ്റിക് ക്ലോത്ത് ഡ്രയർ, സിഗ്നൽ ലൈറ്റ്, ഓട്ടോമാറ്റിക് വേസ്റ്റ് ബിൻ, ഗെയിം സോണിൽ ആട്ടോമാറ്റിക് ഡയസ് , റോബോ ഹെൻ- എ ഐയുടെ പ്രവർത്തനം മനസ്സിലാക്കുവാൻ ഫേസ് തിരിച്ചറിയൽ വിവിധ ആപ്പുകൾ കൂടാതെ വിവിധ അനിമേഷൻ വീഡിയോ, ഷോർട്ട് ഫിലിം , വിവിധ പോസ്റ്റർ രചനകൾ എന്നിവയുടെ പ്രദർശനം രാവിലെ 10. മണി മുതൽ 4.30 വരെ കമ്പ്യൂട്ടർ ലാബിൽവെച്ച് നടന്നു. കെ ജി മുതൽ ഹൈസ്കൂൾ വിഭാഗം വരെയുള്ള വിദ്യാർത്ഥികൾ,ടീച്ചേഴ്സ് , രക്ഷിതാക്കൾ എന്നിവർ കണ്ടു മികച്ച അഭിപ്രായങ്ങൾ പങ്കുവെച്ചു. അദ്വൈത് എസ് ദിവാകർ, ബാലഗോപാൽ, ഗൗരിജിത്ത്, അനന്തകൃഷ്ണൻ എസ്, പ്രയാഗ് പി , സാന്ദ്ര എസ്, മിത്ര കൃഷ്ണ,അഭിനവ് ചന്ദ്രൻ, ഹാരിക,മാധവ് സുജിത്ത്, വൈശാഖ് ,ബിസ, ശ്രീമതി. വിജുപ്രിയ വി. എസ് (കൈറ്റ് മിസ്ട്രസ്) ശ്രീ ഷാജി പി. ജെ (കൈറ്റ് മാസ്റ്റർ) എന്നിവർ ഈ പ്രദർശനത്തിന് നേതൃത്വം നൽകി.







# ലിറ്റിൽകൈറ്റ്സ് ക്യാമ്പ് - പങ്കാളിത്തം

2023 - 26 LK ബാച്ചിൽ നിന്ന് 8 കുട്ടികൾ അനിമേഷൻ / പ്രോഗ്രാമിങ് വിഭാഗങ്ങളിൽ നിന്നായി ഈ വർഷത്തെ സബ്ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു അനന്തകൃഷ്ണൻ പി , മിത്ര കൃഷ്ണ ഏ പി , വൈശാഖ് പി  വി , പ്രയാഗ് പി എന്നിവർ പ്രോഗ്രാമിങ് വിഭാഗത്തിലും അദ്വൈത് എസ് ദിവാകർ , ബാലഗോപാൽ എം ബി , ഗൗരിജിത്ത് എം. അജേഷ് , സാന്ദ്ര പി വി എന്നിവർ അനിമേഷൻ വിഭാഗത്തിലും പങ്കെടുത്തു. ചേർത്തല SNM Govt. Boys HSS ൽ വെച്ച് നവംബർ 23, 24 തീയതികളിൽ നടന്ന സബ്ജില്ലാ ക്യാമ്പിൽ നിന്ന് ബാലഗോപാൽ എം ബി ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അർത്തുങ്കൽ GRFTHS ൽ വെച്ച് ഡിസംബർ 27 , 28 തീയതികളിൽ നടന്ന അനിമേഷൻ വിഭാഗം ജില്ലാ ക്യാമ്പിൽ നിന്ന് ബാലഗോപാൽ എം ബി സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടി. 2025 ഫെബ്രുവരി 8, 9 തീയതികളിൽ CFOSS, തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന ക്യാമ്പിൽ പങ്കെടുത്ത ബാലഗോപാലിനെ സ്കൂൾ അസംബ്ലിയിൽ അനുമോദിച്ചു.



# ഡിജിറ്റൽ പൂക്കളമത്സരം- 24

ഗവ. ഡി വി എച്ച് എസ് എസ് ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായി ഡിജിറ്റൽ പൂക്കള മത്സരം സംഘടിപ്പിച്ചു. ജിമ്പ്, ഇങ്ക് സ്കേപ്പ്, കൃത തുടങ്ങിയ സ്വതന്ത്ര്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനം 8 A യിലെ വിമൽസാദ് കരസ്ഥമാക്കി. അമൽ ഡോമിനിക്ക് - 10 A ,മാധവ് സുജിത്ത് 8 C എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.



# ഡിജിറ്റൽ ഹെൽത്ത് പ്രൊഫൈൽ കാർഡ് നിർമ്മാണം

ഡിജിറ്റൽ ഹെൽത്ത് പ്രൊഫൈൽ കാർഡ് നിർമ്മാണം
2023-25 ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ ഹെൽത്ത് പ്രൊഫൈൽ കാർഡ് നിർമ്മാണം നടത്തി. എല്ലാ വിദ്യാർഥികളുടേയും ഉയരം, ഭാരം എന്നിവയെടുത്ത് BMI കണക്കാക്കി പിന്നീട് മെയിൽ മെർജ് സങ്കേതം ഉപയോഗപ്പെടുത്തി 8 ലെ എല്ലാ ക്ലാസിലേയും വിദ്യാർഥികളുടെ ഡിജിറ്റൽ ഹെൽത്ത് കാർഡ് തയറാക്കി ക്ലാസ് ഗ്രൂപ്പിൽ അയച്ചു കൊടുത്തു .ലിറ്റിൽകൈറ്റ്സ് മൂന്നാം ഗ്രൂപ്പിലെ വൈഷ്ണവ് എച്ച് നേതൃത്വം വഹിച്ച പ്രവർത്തനത്തിൽ ലിറ്റിൽകൈറ്റ്സ് മിസ്ട്രസ് വിജുപ്രിയ വി എസ് , കൈറ്റ് മാസ്റ്റർ ഷാജി പി. ജെ എന്നിവർ പ്രവർത്തനങ്ങളെ മോണിട്ടർ ചെയ്തു.



## ലിറ്റിൽകൈറ്റ്സ് ക്ലാസ് പി റ്റി എ

ലിറ്റിൽകൈറ്റ്സ് 2024- 27 ബാച്ചിലെ കുട്ടികളുടെ രക്ഷകർത്താക്കളുടെ യോഗം 2024 ഓഗസ്റ്റ് 8 ന് സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വെച്ച് നടന്നു. 3 pm ന് രക്ഷകർത്താക്കൾക്കുള്ള യോഗം ആരംഭിച്ചു. കൈറ്റ് മാസ്റ്റർ ശ്രീ. ഷാജി പി ജെ സ്വാഗതം പറയുകയും തുടർന്ന് മാസ്റ്റർ ട്രയിനർ സജിത്ത് സാർ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചും രക്ഷകർത്താക്കൾക്ക് മൾട്ടിമീഡിയ പ്രസന്റേഷന്റെ  സഹായത്താൽ വിശദീകരിച്ചു നൽകി.പ്രസ്തുത മീറ്റിംഗിൽ കുട്ടികൾക്ക് യൂണിഫോം ഏർപ്പാടാക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകാൻ സമ്മതമാണെന്ന് രക്ഷിതാക്കൾ അറിയിച്ചു.കൈറ്റ് മിസ്ട്രസ് ശ്രീമതി വിജുപ്രിയ നന്ദി പറഞ്ഞു 4. 30 ന് മീറ്റിംഗ് അവസാനിച്ചു.



# ലിറ്റിൽകൈറ്റ്സ് പ്രിലിമിനറി ക്യാമ്പ്

ലിറ്റിൽകൈറ്റ്സ് 2024- 27 ബാച്ചിലെ കുട്ടികൾക്കുള്ള പ്രിലിമിനറി ക്യാമ്പും രക്ഷകർത്താക്കളുടെ യോഗവും 2024 ഓഗസ്റ്റ് 8 ന് സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വെച്ച് നടന്നു. ഹെഡ്മിസ്ട്രസ് ഇൻ ചാർജ് ശ്രീമതി നിഷ ടീച്ചർ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു . ചേർത്തല സബ്ജില്ലാ മാസ്റ്റർ ട്രെയിനർ ആയ ശ്രീ. സജിത്ത് സാറിന്റെ നേതൃത്വത്തിലാണ് ക്ലാസുകൾ നടന്നത് . ആകെ ആറ് സെഷനുകളായി നടന്ന ക്ലാസിൽ കുട്ടികളെ ഫേസ് സെൻസിങ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ -കൊമേഴ്സ് , ജി പി എസ് , ഏ ഐ , വി ആർ ,റോബോട്ടിക്സ് എന്നിങ്ങനെ അഞ്ച് ഗ്രൂപ്പായി തിരിച്ചു. തുടർന്ന് ഇന്റർനെറ്റിന്റെ അനന്ത സാധ്യതകളെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുംകുട്ടികളെ ബോധവാന്മാരാക്കുന്നതിന് ഉതകുന്ന വീഡിയോകൾ പ്രദർശിപ്പിക്കുകയും കുട്ടികളുടെ കണ്ടെത്തലുകൾ ഗ്രൂപ്പായി രേഖപ്പെടുത്തി അവതരിപ്പിക്കുകയും ചെയ്തു .തുടർന്ന് ലിറ്റിൽകൈറ്റ്സ് പ്രവർത്തങ്ങളെ കുറിച്ച് വിശദമാക്കുന്ന വീഡിയോ പ്രദർശിപ്പിച്ച ശേഷം ക്വിസ് മത്സരം നടത്തി. സെഷൻ 4, 5 എന്നിവയിൽ സ്ക്രാച്ച്, അനിമേഷൻ എന്നിവ പരിചയപ്പെടുത്തുന്ന ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകി. കൈറ്റ് മാസ്റ്റർ / മിസ്ട്രസിന്റെ നേതൃത്വത്തിലാണ് ഈ സെഷനുകൾ നടന്നത്. തുടർന്ന് സെഷൻ 6 ൽ സജിത്ത് സാർ റോബോട്ടിക്സുമായി ബന്ധപ്പെട്ട പ്രവർത്തനം അവതരിപ്പിച്ചു. കുട്ടികൾ വളരെ ഉത്സാഹത്തോടെ ഈ പ്രവർത്തനം പൂർത്തിയാക്കി. തുടർന്ന് 8 C യിൽ പഠിക്കുന്ന മാധവ് സുജിത് നന്ദി പറഞ്ഞു.








## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ക്യാമ്പ് - 24

ലിറ്റിൽ കൈറ്റ്സ് 2023 - 26 ബാച്ചിന്റെ ഏകദിന ക്യാമ്പ് 10/10/24 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ഹെഡ്മിസ്ട്രസ് ഇൻ ചാർജ്ജ് ശ്രീമതി. നിഷ ഉദ്ഘാടനം ചെയ്തു. കൈറ്റ് മിസ്ട്രസ് ശ്രീമതി. വിജുപ്രിയ വി.എസ് സ്വാഗതം പറഞ്ഞ ചടങ്ങിൽ , ചേർത്തല സൗത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ സെബാസ്റ്റ്യൻ എ വി( റിസോഴ്സ് പേഴ്സൺ ), കൈറ്റ് മാസ്റ്റർ ശ്രീ. ഷാജി പി.ജെ (റിസോഴ്സ് പേഴ്സൺ )എന്നിവർ ഏകദിന ക്യാമ്പിന് ആശംസകൾ അർപ്പിച്ചു. ലിറ്റിൽകൈറ്റ്സിലെ 23-26 ബാച്ചിലെ മുഴുവൻ അംഗങ്ങളും പങ്കടുത്ത ക്ലാസ്സിൽ ശ്രീ ഷാജി പി.ജെ രാവിലെത്തെ സെഷൻ ഓപ്പൺ റ്റൂൺസ് എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള Gif, Video എന്നീ ഫോർമാറ്റിൽ അനിമേഷൻ തയ്യാറക്കുന്ന വിധം പഠിപ്പിച്ചു. ഉച്ച കഴിഞ്ഞ് സ്ക്രാച്ച് ത്രീ ഉപയോഗിച്ച് പൂക്കളം നിറക്കുന്ന ഗയിം തയ്യാറാക്കുന്നത് ശ്രീ സെബാസ്റ്റ്യൻ സാർ പഠിപ്പിച്ചു. ഉച്ചക്ക് കുട്ടികൾക്ക് ലഞ്ച് ഒരുക്കിയിരുന്നു. എല്ലാ കുട്ടികളും വളരെ താൽപ്പര്യത്തോടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു. സബ്ബ് ജില്ല ക്യാമ്പിലേക്കുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നതിനായി തുടർപ്രവർത്തനങ്ങൾ നൽകി. ക്യാമ്പ്- ബാച്ച്  ലീഡർ അദ്വൈത് എസ് ദിവാകർ നന്ദി പറഞ്ഞ് കൃത്യം 4.30 ക്യാമ്പ് സമാപിച്ചു.



# ഐറ്റി ക്വിസ് മത്സരം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ സ്കൂൾതല IT മേളയോടനുബന്ധിച്ച് എച്ച് എസ് , യു പി, ഹയർ സെക്കണ്ടറി എന്നീ വിഭാഗത്തിനായി പ്രത്യേകം സ്കൂൾതല വിജയികളെ കണ്ടു പിടിക്കുന്നതിനായി ക്വിസ് മത്സരം കമ്പ്യൂട്ടർ ലാബിൽ സംഘടിപ്പിച്ചു.രാവിലെ 10 മണിക്ക് Up വിഭാഗത്തിനായി ശ്രീ റെനീഷ് സാർ  ക്വിസിന് നേതൃത്വം നൽകി . 7 യിലെ ഗൗതം കൃഷ്ണ എ  ഉപജില്ലാ മത്സരത്തിന് യോഗ്യത നേടി. 11 മണിക്ക് നടന്ന  എച്ച് എസ് വിഭാഗത്തിന്റെ ക്വിസിന് ശ്രീ ഷാജി. പി.ജെ നേതൃത്വം നൽകി. 9 A യിലെ അദ്വൈത് എസ് ദിവാകർ ഉപജില്ലാ മത്സരത്തിന് യോഗ്യത നേടി. ഉച്ചക്ക് 2 മണിക്ക് നടന്ന ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിന്ന് സന്ദീപ് എസ് യോഗ്യത നേടി. ശ്രീ. രതീഷ് സാർ ഹയർ സെക്കണ്ടറി വിഭാഗം ക്വിസ്സിന് നേതൃത്വം നൽകി.



# വിടപറഞ്ഞകലുന്ന നേരം

വിടപറഞ്ഞകലുന്ന നേരം
എൻ ഉയിരിനെ വെടിയുന്ന കാലം
ക്ഷണികമാം ജീവന തമ്പുരു-
തന്നിലെ ശ്രുതിഗീതം മറയുന്ന നേരം
എന്റെ പ്രാണനെ പിരിയുന്ന നേരം
എന്റെ പ്രാണനെ പിരിയുന്ന നേരം



എൻ അകതാരിലെ കിളിമകൾ കൂട്ടിലെ
കിളിയാരെന്നറിയാതെ ഞാനുറങ്ങി
കിളിയാരെന്നറിയാതെ ഞാനുറങ്ങി

ഇന്നിതാ പാറി അകന്നു പോയാക്കിളി
ജീവിതഗേഹം മടുത്തു പോയോ ?
തൻ ജീവിതഗേഹം മടുത്തു പോയോ ?

അന്നു നാം പാടിയ പാട്ടിന്റെ ഈണങ്ങൾ
ചൊല്ലുവാൻ കഴിയാതെ ഉഴറുന്നു ഞാൻ
ചൊല്ലുവാൻ കഴിയാതെ ഉഴറുന്നു ഞാൻ




നിന്നുടെ സ്നേഹവും നിന്നുടെ പ്രണയവും
അറിയാതെയോർക്കാതെ മാഞ്ഞുപോയി
ഇന്ന് അഗ്നിയിൽ ഉരുക്കിയ ഭസ്മമായി
ഇന്ന് അഗ്നിയിൽ ഉരുക്കിയ ഭസ്മമായി

പ്രിയസഖി നീ എത്ര ക്രൂരയായി നീചയായി
എന്നെപിരിഞ്ഞു പറന്നു പോയി
എന്നെപിരിഞ്ഞു പറന്നു പോയി
അന്നു നീ ചൊന്നത് ഓർത്തോർത്ത് വാഴുന്നു
ഞാനിന്ന് വെറുമൊരു പാഴ്മരയായി

പ്രിയേ സഖി എൻ ഓമലേ പൊൻ-
മണിതാഴിട്ടുപൂട്ടിയോ നിൻ ജീവിതം
ഞാൻ താഴിട്ടുപൂട്ടിയോ നിൻ ജീവിതം

പ്രണയനാട്യം കൊണ്ടു കൊന്നില്ലേ
ഞാൻ നിന്റെ സ്വപ്നങ്ങളും നിറ സന്ധ്യകളും

മോഹിച്ചതും പലതു സ്നേഹിച്ചതുമൊക്കെ
കളിത്തോണിയായിന്നു മാഞ്ഞുപോയി
വെറും പായ്‌വഞ്ചിയായിന്നകന്നുപോയി
വെറും പായ്‌വഞ്ചിയായിന്നകന്നുപോയി




വിടപറഞ്ഞകലുന്ന നേരം
നീ ഉടലോടെ മറയുന്ന നേരം
കഴിയില്ലെനിക്കിനി ജീവിക്കുവാൻ
വെറും മധുവില്ലാ മലരായി പുഞ്ചിരിക്കാൻ
വെറും മധുവില്ലാ മലരായി പുഞ്ചിരിക്കാൻ

വിടപറഞ്ഞകലുന്ന നേരം
എൻ ഉയിരിനെ വെടിയുന്ന കാലം
എൻ ഉയിരിനെ വെടിയുന്ന കാലം
എൻ ഉയിരിനെ വെടിയുന്ന കാലം



നിരഞ്ജന കൃഷ്ണ യു 10A

# Life



I can do anything
I can be a bird
we can fly everywhere
we can enjoy our freedom.

We are the bees that
enjoy the taste of honey
we are the dark clouds
waiting to release our rain.

Be like the land that is waiting
for the waves of sea
Be like the flowers that's ready
to bloom.

we’re the shining star
in the middle of the night
we are the moon that enjoys
shining when its  dark.

Be like a rose
that has thorns but when it comes to love
Everyone needs, wants,
a Rose.. like our life.



രേവതി സിബിരാജൻ 10 C

# ഹൃദയം

ഇതാളായ് പൊഴിഞ്ഞു നീയെൻ
ജീവനിൽ
ആത്മരാഗമായ് നിറയുന്നുവോ,
ഊഷര ഭൂമിതൻ മാറിലായ്,
പെയ്തിറങ്ങുമീ
പൊൻകണികപോൽ....
പദനിസ്വനങ്ങൾ കേട്ടു ഞാൻ,
നിൻവഴികൾ തേടി വന്നിതാ,
അകലത്തായിനിന്നു നീയെന്റെ
ഹൃദയം കവർന്നുവോ,
ആർദ്രമാം മിഴികളാൽ മെല്ലെ
തലോടിനീ,
മാറ്റേറുന്നിതാ നിൻ രൂപമെൻ,
മോഹഹൃത്തിനകതാരിൽ.



പൊൻ വെളിച്ചമായ് വന്നു നീയെൻ,
അന്തരംഗത്തിലാകവെ,
ഇരുൾ മൂടിയോരെൻ ഹൃത്തിലെ
കുഞ്ഞു താരമായ് മാറി നീ,
ഇരവും പകലുമറിയാതെ നിൻ,
നിഴലയ് മാറിടുന്നഞൊന്നും,
നെഞ്ചിലായ് ഞാൻ
കാത്തുവെച്ചൊരെൻ
സ്നേഹ പൂക്കാലം



**ദിവ്യാജോൺ**
**എച്ച് എസ് റ്റി**

# SCHOOL LIFE

School life, oh, what a time

Where friendships are made, And
friendships shine

We learn together, we grow together

As we navigate the halls and the weather



Each day brings a new adventure

Full of laughter and learning

With friends by our side

We face the challenges and The hights and lowly

From studying for tests and exams

To creating memories that will last

School life is more than just the classes

It's also about the friendships and the laughter



പ്രണവ് ജെ ശേഖർ 9 A

# KARMA

-

Long ago,there was a small village,with a lot of poor people. A small 10 year old boy lived there.He had only his mother and two small sisters. His father had died when he was 5.There was a massive mine, near the village. which day sisters will we alone to the house. His hairs was untidy and he was sturdy.



One day,the boy and his mother went out for working,saying,'be safe' to the sister there was more work at the site at that day. while working they for a sold rare. The shining bright lights from the gold scattered into both of their eyes.'I haven't purchased the rice for 3 days;mother said'' so what?'boy asked they stood there silently.''go bring my bag' mother said. Quickly brought the bag. Mother mined the gold with a pick axe and decided to do one thing. He secretly grabbed the sold ore and slowly placed it into the bag. It been 11 pm when they leaved . There was happiness and fearness at same time their. they reached their house and knocked at the door . The door was opened . They entered into the house and called the two sisters. No answer. They began to feel bad. They searched everywhere and realized that two sisters got kidnapped. The mother started to cry loudly. Karma will happen mother, the boy said . Both of them started to cry. they got gold,happiness,richness. But lost their major wealth suddenly the door violently opened and some mens come. they started to demolish and destroy there house. what are you doing and why? Mother asked. One of the worker from our mine had seen both of you stealing gold and bringing to home. The mother and the boy cried in sadness and said to leave them. Handing the gold that they stole, they begged to leave them alone fortunately they leaved . They lost all. Wealth, shelter,daughter etc. Karma will hit for sure. From that situation , they began to have endless pain. Days after this incidence was terrible. The boy's mother died and he become alone.




വിമൽസാദ് എസ് 8A

# ഓർമ്മ

ഒരിക്കലൊ ജാലകവാതിൽക്കൽ നിൽക്കെ ഞാൻ
ചിന്തിച്ചു  ചിന്തിച്ചു  സപ്നമായി......
ഒരിക്കലും നേരിൽ കാണാത്ത വ്യക്തി
അതാരോ എന്നിലിന്നോർമ്മയായി ....

എവിടെയോ പോയാലുമെങ്ങുമേ ചെന്നാലു-
മൊരു മുഖം മാത്രമേ തേടുന്നു ഞാൻ...
അപ്പോളാണമ്മ പറഞ്ഞുമോർത്തത്
എന്നചഛനെപ്പറ്റി നീണ്ട കഥകൾ



എൻ അചഛനേപ്പറ്റി അമ്മപറഞ്ഞത്
ഓർത്തു ഞാൻ സങ്കൽപ്പിച്ചു നോക്കി...
ആ വ്യക്തി തൻ മുഖം അമ്മ പറഞ്ഞതു-
മായ് സാമ്യമുണ്ടെന്നു ചൊല്ലി മനം.

രണ്ടു ചിത്രങ്ങളുമൊന്നിച്ചു കണ്ടുഞാൻ
മനസ്സിലുറപ്പിച്ച  വ്യക്തിയെതാൻ...
തുലികത്തുമ്പുകൊണ്ടാദ്യമായ്  കടലാസിലൊന്നു വരച്ചത്
എന്നച്ഛനെ......



ശ്രീലക്ഷ്മി കെ എസ് 7B

# അവൾ

ജീവിതം ഒരു ലക്ഷ്യമില്ലാതെ ഒഴുകുന്നു. എന്തു ചെയ്യുമെന്ന് ഒരു അറിവുമില്ല. വീട്ടിലെ എല്ലാവരും എന്നെ പ്രതീക്ഷിച്ചാണ് ജീവിക്കുന്നത്.എനിക്ക് എന്റെ ഭാവിയോട് ഒരു പ്രതീക്ഷയും ഇല്ല. ഞാൻ ഇങ്ങനെയല്ലായിരുന്നു.



അവളെ ആദ്യമായി കാണുന്നത് ഞാൻ പള്ളിയിൽ വെച്ചാണ്. കണ്ടപ്പോളെ പ്രത്യേക ഇഷ്ടം എനിക്ക് അവളോട് തോന്നി. എന്നാൽ ഇഷ്ടം തുറന്ന് പറയാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല . അവൾ പോലും അറിയാതെ ഞാൻ അവളെ സ്നേഹിച്ചോണ്ടേയിരുന്നു.ഒരു ദിവസം പള്ളിയിൽ വെച്ച് ഞാൻ കണ്ടു. ഇനിയും അവളോടുള്ള ഇഷ്ടം മറച്ചുവെക്കുവാൻ എന്റെ മനസ്സ് അനുവദിച്ചില്ല. ഞാൻ അവളെ വിളിച്ചു

ജൂൺ......!!

അവൾ തിരിഞ്ഞുനോക്കി. ഞാൻ അവളെ അടുത്തേക്ക് വിളിച്ചു. മൃദുലമായ പുഞ്ചിരിയുമായി അവൾ എന്റെ അരികിലേക്ക് വന്നു. അവളോട് എന്റെ ഇഷ്ടം എനിക്ക് പറയാൻ പറ്റിയില്ല. എന്നാൽ എന്റെ കണ്ണുകളിൽ നോക്കി എന്റെ പ്രണയം മനസ്സിലാക്കി.

പിന്നെ അങ്ങോട്ട് ഞങ്ങളുടെ പ്രണയകാലമായിരുന്നു.ആരുമറിയാതെ ഞങ്ങൾ ആ പ്രണയം ഞങ്ങളിൽ തന്നെ ഒതുക്കി.എന്നാൽ ആ പ്രണയത്തിന് അധികം ആയുസ്സില്ലായിരിന്നു.അവൾ എന്നെ വിട്ട് ഒരിക്കലും തിരിച്ചുവരാത്ത ഒരു ലോകത്തിലേക്ക് . ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല ഇങ്ങനെയുള്ള ഒരു മാറ്റം . അവൾ ഇല്ലാത്ത ഈ ഭൂമിയിൽ എനിക്ക് ജീവിക്കണമെന്നില്ലായിരുന്നു. എന്നാൽ അവളുടെ ഓർമ്മകളിലൂടെ ഞാൻ ജീവിച്ചു .

അവൾക്ക് വേണ്ടി എന്റെ ജീവിതം കളയുവാണെന്ന് അറിഞ്ഞാൽ അവൾക്ക് ഒരിക്കലും സമാധാനം ഉണ്ടാവില്ല. അവൾക്ക് വേണ്ടി ഞാൻ ഇനിയും ജീവിക്കും.

എന്നാൽ അവൾക്കാരണം ഞാൻ നല്ലൊരു നിലയിൽ എത്തി.ഇപ്പോൾ എന്റെ വിട്ടുകാർ എന്നെയോർത്ത് അഭിമാനിക്കുന്നു. അതിന് കാരണം അവളാണ്. അപ്രതീക്ഷിതമായി എന്റെ ജീവിതത്തിലേക്ക് കടന്നുവന്നു എന്നാൽ അവൾ പോലും അറിയാതെ അവൾ എന്റെ ജീവിതത്തിൽ നിന്ന് മാഞ്ഞുപോയി. ജീവിതം അങ്ങനെയാണ് .അപ്രതീക്ഷിതമായി ആളുകളുടെ കടന്നുവരവും അതുപോലെ തിരിച്ചുപോക്കും . അതുപോലെ ഓരോ കടന്നുവരവിലും ഓരോ പാഠങ്ങൾ തന്നിട്ടാണ് അവരുടെ തിരിച്ചുപോക്ക്.



പുണ്യ 10 c

# പഠനയാത്ര2024-'25



"യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു".

ചാരമംഗലം ഗവ. ഡി വി എച്ച് എസ് സ്കൂളിലെ 2024-25 വർഷത്തെ പത്താം ക്ലാസ്സ് വിദ്യാർഥികൾക്കായി ഊട്ടി, മൈസൂർ എന്നിവടങ്ങളിലേക്കായി നടത്തിയപഠനയാത്രയിൽ91 വിദ്യാർഥികളും8 അദ്ധ്യാപകരുമാണ് പങ്കെടുത്തത്.അധ്യാപകരും കൂട്ടുകാരുമൊത്ത് മനോഹരമായ ഒരുയാത്രാനുഭവമായിരുന്നു.കാശി ,അമ്പാടി,എന്നീ ബസ്സുകളിലാണ് ഞങ്ങൾ യാത്ര പോയത് . 11 കുട്ടികൾക്ക് ഒരു ടീച്ചർ എന്ന നിലയിൽ ഗ്രൂപ്പ് തിരിച്ചിരുന്നു. കാശി ബസ്സിൽ പോൾസൺ സർ ,സജി സർ, ഷീല ടീച്ചർ, അജിത ടീച്ചർ അമ്പാടി ബസ്സിൽ സന്തോഷ് സർ,സെബാസ്റ്റ്യൻ സർ,വിജുപ്രിയ ടീച്ചർ,ദിവ്യ ജോൺ ടീച്ചർ എന്നീ അധ്യാപകരാണ് ഉണ്ടായിരുന്നത്.

ഒന്നാം ദിവസം

നവംബർ 7 ന് പുലർച്ചെ 4.30 ന് സ്കൂളിലെത്തി. അവിടെ ടീച്ചർമാർ എല്ലാം വന്നിരുന്നു. ഏകദേശം 5:15 ന് ഞങ്ങൾ സ്കൂളിൽ നിന്ന് രക്ഷിതാക്കളോട് യാത്ര പറഞ്ഞ് ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു .എല്ലാവരും സ്വെറ്ററും മറ്റ് കമ്പിളി കുപ്പായങ്ങളും കയ്യിൽ കരുതിയിരുന്നു. ഞങ്ങൾ പോകുന്ന വഴി കറുകുറ്റിയിൽ ഒരു പെട്രോൾ പമ്പിൽ നിർത്തി പ്രാതൽ കഴിച്ചു. പിന്നെ അവിടെ തന്നെ കാണാൻ കുറച്ചു കാഴ്ചകൾ ഉണ്ടായിരുന്നു. മുയലുകൾ, ലവ് ബേർഡ്സ് ഒക്കെ അവിടെ വളർത്തുന്നുണ്ടായിരുന്നു . യാത്ര വീണ്ടും ആരംഭിച്ചു. വണ്ടിയിൽ



എല്ലാവരുമായി തുള്ളിയും പാട്ടുകൾ പാടിയും അങ്ങനെ വളരെ ആഹ്ലാദത്തോടെ യാത്ര

തുടർന്നു. അങ്ങനെ ഒരുപാട് കളി തമാശകൾ ഒക്കെ പറഞ്ഞു ഉച്ചയായതറിഞ്ഞില്ല. ഉച്ചയായപ്പോൾ മേട്ടുപ്പാളയത്തെ ഒരു പമ്പിൽ ഇറങ്ങി ഉച്ചഭക്ഷണം കഴിച്ചു. ചോറും, മീൻ കറി, മോര്, തോരൻ, അച്ചാർ ഒക്കെ ഉണ്ടായിരുന്നു. അതിനു ശേഷം വീണ്ടും യാത്ര തുടർന്നു.



മണിക്കൂറുകൾ യാത്ര ചെയ്ത് മനോഹരമായ മരങ്ങൾക്കും മലകൾക്കും ഇടയിലൂടെ വളഞ്ഞു പിരിഞ്ഞ ചുരങ്ങൾ കയറി വണ്ടി മുന്നോട്ട് നീങ്ങുമ്പോൾ തണുപ്പ് കൂടിക്കൂടി വരുന്നതായി അനുഭവപ്പെട്ടു.5 മണിയോടെ ഊട്ടിയിലെത്തി. വ്യത്യസ്തവും രസകരവുമായ കാഴ്ചകളായിരുന്നു ഊട്ടി മുഴുവനും. ഊട്ടിയിലെ തലശ്ശേരി ഹോട്ടലിലെത്തി.ഞങ്ങൾ അഞ്ചു പേരായിരുന്നു ഒരു റൂമിൽ . ഞങ്ങൾ ഫ്രഷായി അവിടുന്ന് എല്ലാവരും കൂടി ബോട്ടാണിക്കൽ ഗാർഡനിൽ പോയി . അവിടുത്തെ ചെടികളും പൂക്കളും മരങ്ങളും പച്ചപ്പും എല്ലാം സുന്ദരമായ കാഴ്ചകളായിരുന്നു. സമയം വൈകിയതിനാൽ വേഗം എല്ലാം കണ്ടു. അവിടുത്തെ ഗ്ലാസ് ഹൗസാണ് ഞങ്ങൾക്ക് ഏറ്റവും ഇഷ്ടമായത്. സുന്ദരമായ പുൽത്തകിടിയും ഭംഗിയുള്ള പൂക്കളോടുകൂടിയ ഉദ്യാന സന്ദർശനവും നയനാനന്ദകരമായിരുന്നു. കണ്ണും മനസ്സും ഒരുപോലെ നിറഞ്ഞു.

അവിടെ നിന്ന് കുറെ ഫോട്ടോയെടുത്തു. ഷോപ്പിംഗിന് ശേഷം ചായയും നെയ്യപ്പവും കഴിച്ചു. അവിടെ നിന്നും ഹോട്ടലിനടുത്ത് ക്യാമ്പ് ഫയർ ഒരുക്കിയിരുന്നടുത്തേക്ക് പുറപ്പെട്ടു. ക്യാമ്പ് ഫയർ അടിപൊളിയായിരുന്നു. പാട്ടും നൃത്തവുമായി ആ രാവ് മറക്കാനാവാത്ത അനുഭവമായിരുന്നു.10 മണിക്ക് ഹോട്ടലിലെത്തി അത്താഴം കഴിച്ചു. പൊറാട്ടയും ചിക്കൻകറിയുമായിരുന്നു. ഞങ്ങളുടെ റൂമിൽ ടി വി യുണ്ടായിരുന്നു. കുറച്ചുനേരം മലയാളം പ്രോഗ്രാം കണ്ടു. അത് കഴിഞ്ഞു വീട്ടിലേക്ക് വിളിച്ചു.ഞങ്ങൾ കളിയും ചിരിയും തമാശയും ഒക്കെ പറഞ്ഞ് കുറെ നേരം ഇരുന്നു. 11 മണിക്ക് എല്ലാവരും ഉറങ്ങാൻ കിടന്നു. ക്ഷീണം കാരണം പെട്ടെന്ന് ഉറങ്ങിപ്പോയി.

രണ്ടാം ദിവസം

രാവിലെ 6 മണിക്ക് എഴുന്നേറ്റ്

എല്ലാവരും റെഡിയാകാൻ തുടങ്ങി.7.30 ന് ബ്രേക്ക്ഫാസ്റ്റ്



കഴിച്ചു. പുട്ടും കടലയുമായിരുന്നു. ഭക്ഷണത്തിനുശേഷം നേരെ പ്രശസ്തമായ ടി ഫാക്ടറിയിലോട്ടു പുറപ്പെട്ടു. വഴിമാധ്യേ പച്ചപുതച്ച് തട്ടുതട്ടുകളായി കാണപ്പെടുന്ന മലനിരകളും താഴ്വാരങ്ങളിലെ



കൃഷിക്കാഴ്ചകളും മനസ്സിന് സന്തോഷം നൽകുന്ന കാഴ്ചകളായിരുന്നു.തേയില പൗഡർ ആക്കുന്നതെങ്ങനെയെന്ന് കണ്ട് മനസ്സിലാക്കാൻ സാധിച്ചു. അവിടെ നിന്നും സ്വദിഷ്ടമായ ചായ കുടിച്ചു. വിവിധ രുചികളിൽ ഉള്ള ചായപ്പൊടികൾ അവിടെ വിൽപ്പനയ്ക്ക് വച്ചിരുന്നു. കുറച്ചുപേർ തേയില വാങ്ങി.

പിന്നീട് ചോക്കലേറ്റു ഫാക്ടറി സന്ദർശിച്ചു.അതിനപ്പുറത്ത് തന്നെയുള്ള ചോക്ലേറ്റ് ഫാക്ടറിയിൽ കയറി വിവിധ തരത്തിലുള്ള ചോക്ലേറ്റുകളും അവിടെ വിൽപ്പനക്കുണ്ടായിരുന്നു അവിടെനിന്നും എല്ലാവരും ചോക്കലേറ്റ് വാങ്ങി.ശേഷം പുറത്തുള്ള കടകളിൽ കുറച്ച് സമയം ഷോപ്പിംഗ് നടത്തി. അവിടെ നിന്നും ഞങ്ങൾ പോയത് പൈൻ ഫോറസ്റ്റിലേക്കാണ്. പോകുന്ന വഴികളിൽവളരെ മനോഹരമായി കാഴ്ചകൾ ഉണ്ടായിരുന്നു കുത്തനെകിടക്കുന്ന വഴിയിലൂടെ പൈൻ മരങ്ങൾക്കിടയിലൂടെയുള്ള യാത്ര മറക്കാനാവില്ല. അവിടെവച്ച് ഓരോ ഗ്രുപ്പും ധാരാളം ഫോട്ടോയെടുത്തു. അവിടുത്തെ തടാകവും അതിനപ്പുറത്തെ കാഴ്ചകളും നല്ല രസമായിരുന്നു.

അവിടെ നിന്നും പിന്നീട് ഞങ്ങൾ എത്തിച്ചേർന്നത് ഊട്ടിയിലെ പ്രശസ്തമായ ഷൂട്ടിംഗ് പോയിന്റിലാണ് . എത്രയോ സിനിമാപാട്ടുകളിൽ കണ്ട ആ കുന്നിൽ സന്ദർശകരുടെ ഒഴുക്കായിരുന്നു.ഞങ്ങൾ എല്ലാവരും കൂടി കുന്ന് കയറുവാൻ തുടങ്ങി. കയറ്റം വളരെ പ്രയാസമായിരുന്നു. ചില

കൂട്ടുകാർ പാതിവഴിയിൽ പിന്തിരിഞ്ഞു പോയി. എന്നാൽ കുന്നിന്റെ മുകളിലെത്തിയപ്പോൾ കണ്ടകാഴ്ച വളരെ മനോഹരമായിരുന്നു.കുന്നിൻ മുകളിലും  ചരുവിലുമായി ഞങ്ങൾ ഒന്നിച്ച് നടക്കുകയും ഫോട്ടോകൾ എടുക്കുകയും ചെയ്തു.  ഒരു മണിക്ക് ഉച്ചഭക്ഷണം കഴിച്ചു. ചോറ്, മീൻകറി, തോരൻ, അച്ചാറ് തുടങ്ങി അടിപൊളി ഊണായിരുന്നു. ഭക്ഷണത്തിനു ശേഷം മൈസൂറിലേക്ക് യാത്ര തുടങ്ങി.

ഞങ്ങളെ പേടിപ്പെടുത്തുന്ന അഗാധമായ കൊക്ക, ഞങ്ങളെ നോക്കി ചിരിക്കുന്ന വലിയ മലനിരകൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങിയ അവിസ്മരണീയ കാഴ്ചകളെ ഓർമ്മകളാക്കി മുന്നോട്ട് യാത്ര തുടർന്നു. തമിഴ് നാട് - കർണാടക അതിർത്തിയിലെ ബന്ധിപ്പൂർ നാഷണൽ പാർക്കിലൂടെ യാത്ര ചെയ്തപ്പോൾ ധാരാളം മാനുകൾ, മയിലുകൾ, ആന തുടങ്ങിയ മൃഗങ്ങളെയും പക്ഷികളെയും കാണാൻ സാധിച്ചു. ട്രാഫിക് ബ്ലോക്കുണ്ടായതിനാൽ മൈസൂറെത്താൻ വൈകി.ഏകദേശം 7.30 ന് മൈസൂരെത്തി. ഹോട്ടലിൽ ബാഗ് വച്ച് ഫ്രഷായതിനു ശേഷം പേരുകേട്ട ചാമുണ്ഡി ഹിൽസിലേക്ക് പോയി. ചാമുണ്ഡി പ്രതിമയ്ക്കൊപ്പം നിന്ന് ഞങ്ങളെല്ലാവരും കൂടി ഫോട്ടോയെടുത്തു. പിന്നെ ചായ കുടിച്ച ശേഷം അവിടുത്തെ അമ്പലവും സന്ദർശിച്ചു. കുറച്ചുസമയം ഷോപ്പിംഗ് നടത്തിയശേഷം ഹോട്ടലിലേക്ക് മടങ്ങി. അത്താഴം ഫ്രൈഡ് റൈസും ചിക്കനുമായിരുന്നു. ഭക്ഷണം നല്ലതായിരുന്നു. പിന്നെ ഞങ്ങൾ കിടന്നു. ഏറെ നേരം സംസാരിച്ചതുകൊണ്ട്



ഒരുപാട് വൈകിയാണ് ഉറങ്ങിയത്.

## മൂന്നാം ദിവസം

രാവിലെ ആറരയായപ്പോൾറെഡിയായി ഭക്ഷണം കഴിച്ചു. ആദ്യം പോയത് വൃന്ദാവൻ ഗാർഡനിലാണ് അവിടെ കാണാൻ ഒരുപാട് കാര്യങ്ങൾ ഉണ്ടായിരുന്നു.എത്ര കണ്ടാലും മതിവരാത്ത കാഴ്ചകൾ നല്ല ഭംഗിയുള്ള വലിയ ഗാർഡൻ ആയിരുന്നു .അവിടെ ഞങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടെ ചെടികളും പൂക്കളും



ജലാധരകളും കൊണ്ട് മനോഹരമായിരുന്നു. പല വർണ്ണങ്ങളിലുള്ള പൂക്കളും അവയ്ക്ക് ചുറ്റും പറക്കുന്ന ചിത്രശലഭങ്ങളും മനസ്സിൽ ഇപ്പോഴും നിറഞ്ഞു നിൽക്കുന്നു.ഒറ്റയ്ക്കും ഗ്രൂപ്പായും ധാരാളം ഫോട്ടോകളെടുത്തു.കുറെ നേരം അവിടെ സ്പെൻഡ് ചെയ്തു.ഗാർഡിനു സമീപത്തായി ഒരു ഡാം ഉണ്ടായിരുന്നു ആ കാഴ്ച വളരെ ഭംഗിയുള്ളതായിരുന്നു

അവിടെ നിന്നും മൈസൂർ പാലസിലേക്ക് യാത്രയാരംഭിച്ചു. അവിടെ രാജാക്കന്മാരുടെ ചിത്രങ്ങളും മറ്റ് സാധനങ്ങൾ പണ്ടുകാലത്ത് അവിടെ ഉപയോഗിച്ച



കാര്യങ്ങൾ ഒക്കെ ഉണ്ടായിരുന്നു. അവിടെ നല്ല തിരക്കായിരുന്നു അതുകൊണ്ട് എല്ലാവരും കൈപിടിച്ചാണ് നടന്നത്. കൊട്ടാരത്തിന്റെ നിർമ്മാണരീതിയും വിദഗ്ധ രായ ശില്പികൾ സൃഷ്ടിച്ച ലക്ഷകണക്കിന് ശില്പങ്ങളും കൊത്തുപണികളും അത്ഭുതത്തോടെ ഞങ്ങൾ നോക്കിനിന്നു. മൈസൂർ പാലസ് പുറത്തു നിന്ന്കാണുമ്പോൾ തന്നെ അതിമനോഹരമാണ് . കൊട്ടാരത്തിനകത്തെ കാഴ്ചകൾ അതിലും മനോഹരമാണ്. കൊട്ടാരത്തിനകത്തെ പഴയകാല ചിത്രങ്ങൾ, മുറികൾ

എല്ലാം കണ്ടു. അവിടെയുള്ള പെയിന്റിംഗ് എല്ലാം വളരെ ഭംഗിയുള്ളതും ജീവസുറ്റതു മായിരുന്നു. പിന്നെ ഞങ്ങൾ ഭക്ഷണം കഴിക്കുന്നതിനായി ഹോട്ടലിലേക്ക് മടങ്ങി 3മണി യോടെ ഹോട്ടലിൽ നിന്നും മൈസൂർ സൂവിലേക്ക് യാത്രയതിരിച്ചു.

ടിവിയിൽ മാത്രം കണ്ടിട്ടുള്ള സിംഹം, ജിറാഫ് ,കുറുക്കൻ, ഒട്ടകപ്പക്ഷി ,ഒറാങ്ങുട്ടൻ, ചിമ്പാൻസി, കടുവ, ഒട്ടകപ്പക്ഷി പലതരം പാമ്പുകൾ, പക്ഷികൾ വേഴാമ്പൽ, വെള്ളമയിൽ, അനേകം മൃഗങ്ങളെയും ഞങ്ങൾ അവിടെ കണ്ടു. ഇതുവരെ കണ്ടിട്ടില്ലാത്ത ജന്തുക്കളെയും മൃഗങ്ങളെയും പക്ഷികളെയൊക്കെ കാണാനുള്ള അവസരം



ഇതിലൂടെ ലഭിച്ചു. രണ്ടുമണിക്കൂർ വളരെ നല്ലൊരു അനുഭവമായിരുന്നു. ഒരുപാട് കാര്യങ്ങൾ അവിടുന്ന് പഠിക്കാൻ പറ്റിയിരുന്നു.കുറെ ഫോട്ടോ എടുത്തു.ആറുമണിയായപ്പോൾ ഞങ്ങൾ ഇറങ്ങി ബസ്സിന് അടുത്തെത്തി. അവിടെ വെച്ച് ചായയും വടയും കഴിച്ചു . തുടർന്ന് ആറേകാലോടെ ഞങ്ങൾ മൈസൂരിൽ നിന്ന് സ്കൂളിലേക്ക് മടക്കയാത്ര തുടങ്ങി.ഡാൻസും പാട്ടുമായി



ഞങ്ങൾ യാത്ര തുടർന്നു.കേരളത്തിലേക്കുള്ള യാത്രയിൽ സത്യമംഗലം വനത്തിലൂടെയുള്ള യാത്രയിൽ ഫോണിന് റേഞ്ച് നഷ്ടപ്പെട്ടപ്പോൾ കൂട്ടുകാരോടും ടീച്ചർമാരോടൊപ്പം അന്താക്ഷരി കളിച്ചു. പോരുന്ന വഴിയിൽ പാലക്കാട് ഒരു പമ്പിൽ ഇറങ്ങി ഭക്ഷണം കഴിച്ചു. പൊറോട്ടയും ചിക്കനമായിരുന്നു. ഡാൻസ് കളിച്ച് ക്ഷീണിച്ച കുട്ടുകാർ പതിയെ ഉറങ്ങാൻ തുടങ്ങി.എറണാകുളത്തെത്തിയ പ്പോൾ എല്ലാവരും വീണ്ടും ഡാൻസും പാട്ടുമായി ആഘോഷം തുടർന്നു. രാവിലെ

6.30ന് ഞങ്ങൾ സ്കൂളിലെത്തി. അധ്യാപകരോട് യാത്ര പറഞ്ഞ് രക്ഷിതാക്കളോടൊപ്പം ഞങ്ങൾ വീട്ടിലേക്ക് പോയി. ടൂർ തീർന്ന് പോയതിലുള്ള ഒരു വിഷമം മനസ്സിൽ ഉണ്ടായിരുന്നു.

ധാരാളം നല്ല അനുഭവങ്ങൾ യാത്രയിലൂടെ ഞങ്ങൾക്ക് ലഭിച്ചു. ഞങ്ങളുടെ കൂടെ എല്ലാത്തിനും എപ്പോഴുമുണ്ടായിരുന്ന അധ്യാപകർക്ക് സ്നേഹവും നന്ദിയും. രുചികരമായ ഭക്ഷണമുണ്ടാകിത്തന്ന ചേട്ടന്മാർക്കും ഞങ്ങളെ സുരക്ഷിതമായി കൊണ്ടുപോയ ഡ്രൈവർ ചേട്ടന്മാർക്കും നന്ദി. എല്ലാവരും ആരോഗ്യത്തോടെയും സന്തോഷത്തോടെയും ടൂറിൽ പങ്കെടുക്കാൻ അനുഗ്രഹമേകിയ ദൈവത്തിനും ഒത്തിരി നന്ദി....


തയ്യാറാക്കിയത്

അമൃത രജീഷ് 10 എ
ഐശ്വര്യലാൽ എം എം10 എ
ദേവിക റെജി  10 ഡി
ഗൗരി നന്ദന എ ആർ 10 എ
ഭവ്യകൃഷ്ണ റ്റി എസ് 10 എ
ആർദ്ര റ്റി ആർ 10 എ

# അല്ലയോ മത്സ്യമേ

അല്ലയോ മത്സ്യമേ
നിന്നെപ്പോൽ എനിക്കും
വെള്ളത്തിൽ തുള്ളി -
കളിക്കുവാൻ മോഹം

നിന്നുടെ ഭംഗിയും
വർണ്ണ ചിറകുകളും
കണ്ടിട്ടെൻ കൺകുളിർക്കുന്നു



പാവം നിന്നെ വംശനാശം
വരുത്തുന്ന മർത്യൻ
മഹാപാപി തന്നെ

എന്നിട്ടും മത്സ്യമേ
നിൻവിധി ഓർത്തിട്ടെൻ
ഉൾക്കാമ്പിൽ നിന്നൊരു
തേങ്ങൽ ഉയരുന്നു.



ശ്രീ നന്ദ എം ബി 4 A

# മിന്നാ മിനുങ്ങി

മിന്നാമിനുങ്ങേ നിന്നെ കാണാൻ
എന്തൊരു ചന്തം
നീ എന്താ വിണ്ണുവിട്ട് താഴെ
എന്നെ കാണാൻ വരാത്തെ ?

നിന്നെ തൊടാൻ എനിക്ക് എന്തൊരു കൗതുകം
നിന്നെ കണ്ടാൽ അഗ്നി ചില്ലുപോൽ തോന്നുന്നു.
വിണ്ണിൽ തിളങ്ങി  നീ നിൽപ്പത് കാണുമ്പോൾ
എനിക്ക് നിന്നെ പിടിച്ചു
കടിച്ചു തിന്നാൻ തോന്നും .



പവിത്രാ ടി ജെ 4B

# അപ്പു ആനയും കിട്ടു മുയലും



പഞ്ചവൻ കാട്ടിൽ അപ്പു ആനയും കിട്ടു മുയലും താമസിച്ചിരുന്നു. അവർ കൂട്ടുകാർ ആയിരുന്നു. അവർ കാട്ടിൽ കളിക്കുമായിരുന്നു. കളിച്ചു തളരുമ്പോൾ കിട്ടു മുയൽ അപ്പു ആനയുടെ പുറത്തു കയറും, എന്നിട്ട് അവിടെയിരുന്നു തുള്ളികളിക്കും. അപ്പൊ ആനയ്ക്ക് ദേഷ്യം വരും അപ്പോൾ ആന പറയും "മര്യാദക്ക് ഇരുന്നോ ഇല്ലങ്കിൽ തള്ളി താഴെയിടും" അത് കേട്ടപ്പോൾ കിട്ടു മുയലിനു കുസൃതി കൂടി. അവൻ അപ്പോൾ പറഞ്ഞു "വേട്ടക്കാരുടെ കുഴിയിൽ നീയും വീഴും" എന്ന് കിട്ടു മുയൽ. വേട്ടക്കാർ കുഴി എടുക്കുന്നത് കിട്ടു കണ്ടിട്ടുണ്ടായിരുന്നു. പക്ഷെ ആന അത് വിശ്വസിച്ചില്ല. അങ്ങനെ ദിവസങ്ങൾ കടന്നു പോയി .ഒരു ദിവസം അവർ ഓടി കളിച്ചു നടന്നപ്പോൾ മുയൽ പറഞ്ഞു, "കുഴി ഉണ്ടെന്ന് "ആന അത് കേട്ടില്ല ,കാരണം മുയൽ കള്ളം പറഞ്ഞു പറ്റിക്കുമായിരുന്നു. പെട്ടന്ന് രണ്ടു പേരും കുഴിയിൽ വീണു. അവർ നിലവിളിച്ചു." അയ്യോ ആരെങ്കിലും ഞങ്ങളെ രക്ഷിക്കണേ........ വേട്ടക്കാരുടെ കുഴിയിൽ ഞങ്ങൾ വീണേ"........ അപ്പോൾ അപ്പു ആനയുടെ കൂട്ടുകാർ വന്നു രക്ഷിച്ചു .പിന്നീട് ഒരിക്കലും അവർ മിണ്ടിയിട്ടേയില്ല. ഇതിൽ നിന്നും കിട്ടു മുയലിനു ഒരു കാര്യം മനസ്സിലായി ."ഒരിക്കലും കള്ളം പറയരുത്" .പിന്നീട് അവൻ ഒരിക്കലും കള്ളം പറഞ്ഞിട്ടില്ല.



**അമേയ സുനീഷ് 1 B**

# എന്തുണ്ട്.... എന്തുണ്ട്?....



കളകളം പാടും പുഴയിൽ
എന്തുണ്ട്.... എന്തുണ്ട്....
ചെറിയ പരൽ മീനുകളും ചെറിയ
കുഞ്ഞാമകളും
സുന്ദരിയായ മയിൽ പെണ്ണേ
നൃത്തം വയ്ക്കാൻ അറിയാമോ ?
മാനത്ത് മഴക്കാർ കാണുമ്പോൾ
നൃത്തം ചെയ്യാൻ എനിക്കിഷ്ടം.
കൂടുണ്ടാക്കാൻ മടിയുള്ള കുയിലമ്മയെ...
പാട്ടുപാടാൻ അറിയാമോ?
കൂ കൂ കൂകിനടക്കും ഞാൻ പാട്ട് പാടാൻ അറിയാല്ലോ.
വെളുപ്പാൻകാലം കൂകി ഉണർത്താൻ എങ്ങനെ കൂകും പൂങ്കോഴി
കൊക്കര കൊക്കര കൊക്കരക്കോ ഇങ്ങനെ കൂകും കുട്ടികളെ.....



വാമിക പി 3B

# സ്കൂൾ പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പോസ്റ്റർ രചനകളിൽ




എസ്.പി.സി കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ്
ഗവ.ഡി വി എച്ച്


വർണ്ണപ്പട്ടം
സ്, ചാരമംഗലം


എസ് പി സി, സ്റ്റേഷൻ സന്ദർശനം
ഗവ.ഡി വി എച്ച് എസ് എസ്


പാലിയേറ്റീവ് ദിനാചരണം
എസ് പി സി
ഗവ.ഡി വി എച്ച് എസ് എസ്, ചാരമംഗലം


എസ് എസ് എൽ സി വിദ്യാർത്ഥികൾക്കുള്ള മോട്ടിവേഷൻ ക്ലാസ്


HAPPY LEARNING -SSLC MOTIVATION
HSS,CHARAMANGALAM


പരീക്ഷയ്ക്കായി മനമൊരുക്കാം
SSLC EXAM MOTIVATION CLASS


തുണി സഞ്ചി നിർമ്മാണം
സീഡ് ക്ലബ്ബ്
ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം


പി റ്റി എ പൊതുയോഗം-2024
ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം
വൃദ്ധമന്ദിരം സന്ദർശനം
എൻ എസ് എസ്
ഗവ.ഡി വി എച്ച് എസ് എസ്
കൂൺ കൃഷി പരിശീലനം
എൻ എസ് എസ്
ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം


BLOOD DONATION DAY


പകൽവീട് സന്ദർശനം




GOVT.DVHSS,CHARAMANGALAM


ക്ലാസ് പി ടി എ -എസ് എസ് എൽ സി ബാച്ച്


INTERNATIONAL YOGA DAY


ONAM DAY CELEBRATION


SCHOOL PARLIAMENT ELECTION-2024
GOVT.DVHSS,CHARAMANGALAM


കൗമാര വിദ്യാഭ്യാസം


INDEPENDENCE DAY CELEBRATION
GOVT.D.V.H.S.S.CHARAMANGALAM




GOVT.DVHSS,CHARAMANGALAM
SPORTS DAY


പ്രവേശനോത്സവം-24
GOVT.DVHSS CHARAMAN


ഭിന്നശേഷി വാരാചരണം
ചാരമംഗലം


HUMAN RIGHTS DAY
ഗവ.ഡി വി എച്ച്


നോളേജ് ഹണ്ടർ ക്വിസ് ഫൈനൽ
Social Science Club
GOVT.DVHSS,CHARAMANGALAM


GOVT. DVHSS, CHARAMANGALAM


ഗവ.ഡി വി എച്ച് എസ് എസ്, ചാരമംഗലം




ഗവ.ഡി വി എച്ച് എസ് എസ്, ചാരമംഗലം


റോഡ് സുരക്ഷ ക്ലാസ്
KITE
ഗവ.ഡി വി എച്ച്


ശിശുദിനം-2024
KITE
എസ്, ചാത്തമംഗലം


KITE
ഗവ.ഡി വി എച്ച് എസ് എസ്,


കൃഷി പാഠം NSS CLUB
ഗവ.ഡി വി എച്ച് എസ് എസ്, ചാത്തമംഗലം


കെ കെ പ്രതാപൻ സാർ അനുസ്മരണ സമ്മേളനം


little KITEs
ANTI DRUGS DAY
GOVT.DVHSS,CHARAMANGALAM


ENVIRONMENTAL DAY CELEBRATION


ബാലസഭ
ഗവ.ഡി വി എച്ച് എസ് എസ്, ചാരമംഗലം


ലീഗൽ ലിറ്ററസി മിഷൻ
ലീഗൽ ക്വിസ് സംസ്ഥാന വിജയി


ചീരകൃഷി വിളവെടുപ്പ്
സീഡ് ക്ലബ്
ചാരമംഗലം


Republic Day Celebration -2025


ബഹിരാകാശ ദിനാചരണം
Govt.DVHSS CHARAMANGALAM

# ചിത്രജാലകം









**വിമൽസാദ് എസ് 8A**






**അനന്യബോബൻ 4A**













ദേവപ്രിയ ആർ 7B





ശ്രേയനാഥ് ജെ കുമാർ 7A








മിയാ പ്രതീഷ് 5 C






നക്ഷത്ര എസ്  2C





സായ് കൃഷ്ണ ജെ 4B








മാധവ് ശർമ്മ എസ് 3B






നമിത്ര 2C





ജനനി കെ 2B






മുകുന്ദുശർമ്മ എസ് 3B











**സവിൻ സന്തോഷ് 8 E**



# നന്ദി....

ഗവ .ഡി വി എച്ച് എസ് എസ്, ചാരമംഗലം
മായിത്തറ പി ഒ. 688 539 ,ചേർത്തല-ആലപ്പുഴ